

ഫെബ്രുവരി 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

കോവിഡ് വരുത്തിയ ചെറിയ ഒരു ഇടവേളയ്ക്ക് ശേഷം കൺവൻഷനുകൾ സജീവമായി. ഇടവക-സെന്റർ-ഭദ്രാസന തലങ്ങളിലുള്ള കൺവൻഷനുകളിൽ ലഭിക്കുന്ന ജനപങ്കാളിത്തം വളരെ വലുതാണ്. കാലികമായി ദൈവവചനം പഠിക്കുന്നതിനും അതിലൂടെ നല്ല സ്വാധീനങ്ങൾ ഉൾക്കൊള്ളുന്നതിനും ലഭിക്കുന്ന ഒരവസരവും നഷ്ടമാക്കരുത്. വചനകേഴ്‌വി കേവലം കൂടിവരവിൽ അവസാനിക്കയുമരുത്, മറിച്ച് നമ്മുടെ ആത്മീക ഉണർവ്വിനും, ദൗത്യ നിർവ്വഹണത്തിനും, സാക്ഷ്യത്തിന്റെ പുതുക്കത്തിനും, ദേശത്തിന്റെ സൗഖ്യത്തിനും കാരണമാകണം. "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏത് വാളിനേക്കാളും മൂർച്ചയേറിയതും, പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു (എബ്രാ. 4: 12). ഒരു പുതിയ ക്രമമാണ് വചനത്തിലൂടെ ദൈവം നമ്മോട് ആവശ്യപ്പെടുന്നത്. നമ്മുടെ ജിവിതത്തിന് നവചൈതന്യം വരുത്തുന്ന, അന്യോന്യ ബന്ധം സാധ്യമാക്കുന്ന ഒരു പുത്തൻ ആദ്ധ്യാത്മികത രൂപപ്പെടുത്തുവാൻ വചനകേഴ്‌വിയിലൂടെ സാധ്യമാകട്ടെയെന്ന് ആഗ്രഹിക്കാം, പ്രാർത്ഥിക്കാം, അതിനായി സമർപ്പിക്കാം.

ഈ വർഷത്തെ മാരാമൺ കൺവെൻഷൻ ഫെബ്രുവരി 12 മുതൽ 19 വരെ ക്രമീകരിച്ചിരിക്കുന്നു. അനുഗ്രഹകരമായ നടത്തിപ്പിനാവശ്യമായ നേതൃത്വം സുവിശേഷ പ്രസംഗസംഘം കാര്യക്ഷമമായി നിർവഹിക്കുന്നു. കൺവൻഷന്റെ അനുഗ്രഹപ്രദമായ കൂടിവരവിന് ഏവരുടെയും പ്രാർത്ഥന പ്രത്യേകം ക്ഷണിക്കുന്നു. സഭയുടെ ഏറെ സങ്കീർണ്ണമായ കാലഘട്ടത്തിലായിരുന്നുവല്ലോ കടവിൽ മാളികമുറിയിലെ പ്രാർത്ഥനയും അതിന്റെ തുടർച്ചയായി സുവിശേഷ പ്രസംഗസംഘ രൂപീകരണവും. വേദപുസ്തക പഠനം സാധാരണക്കാർക്കും സാധ്യമാക്കിയ വിപ്ലവകരമായ ഒരു സംഭവമായിരുന്നു മാരാമൺ കൺവൻഷൻ. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന സാധാരണക്കാരായിരുന്നു നമ്മുടെ പൂർവ മാതാപിതാക്കൾ. അവരുടെ കൂട്ടായ്മയും ജീവിത ദർശന രൂപീകരണവും സാധ്യമായിത്തീർന്ന ഒരു ഭൂമികയിലാണ് നാം എല്ലാ വർഷവും സമ്മേളിക്കുന്നതെന്നോർക്കണം. സഭയെ ചൈതന്യവത്താക്കിയ, ദൗത്യത്തിന്റെ പുതിയ മാനങ്ങൾക്കു രൂപവും ഭാവവും നൽകിയ, മാരാമൺ കൺവെൻഷന്റെ പ്രസക്തി ഇന്നും ഏറെ

യാണ്. തലമുറകളുടെയും വൈവിധ്യങ്ങളുടെയും സംഗമഭൂമികൂടിയാണ് മാരാമൺ. മാരാമണ്ണിലെ സംഗമം കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിൽ ജനിച്ചു വളർത്തപ്പെട്ടവരും മലയാള ഭാഷ അറിയാത്തവരും ഇന്ത്യക്കു പുറത്തുള്ള മാർത്തോമാ സമൂഹവും മാർത്തോമാ എന്ന സംജ്ഞയ്ക്കു പുതു അർഥവും നിറവും നൽകുകയാണ്. ഇത്തരം വൈവിധ്യങ്ങളുടെ മദ്ധ്യേ മാർത്തോമാ എന്ന സമൂഹം അർത്ഥവത്തായ ക്രിസ്തീയ സാക്ഷ്യത്തിന്റെ മുഖപത്രങ്ങളായി മാറേണ്ടിയിരിക്കുന്നു. ഈ വർഷത്തെ മാരാമൺ കൺവൻഷനിൽ പങ്കെടുക്കുന്നവർ കേരളത്തിന് പുറത്തുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന വിവിധ ഭാഷ സംസാരിക്കുന്ന തദ്ദേശീയരായ മാർത്തോമ്മാക്കാരിൽ ഒരാളെയെങ്കിലും പരിചയപ്പെടും എന്ന ഒരു തീരുമാനം എടുക്കണം. അങ്ങനെയുള്ളവർക്ക് നല്ല ആതിഥ്യം നല്കണം. വീട്ടിലേക്ക് വന്നതിന്റെ അനുഭവം അവർക്കുണ്ടാകണം. അന്യതാബോധം ഒരുരീതിയിലും വ്യത്യസ്ഥരായവരെ ഭരിക്കുവാനിടയാകരുത്. വൈവിധ്യങ്ങളെ അടുത്തറിയുമ്പോഴും അവയെ ഉൾകൊള്ളുമ്പോഴുമാണ് അതിരുകളെ അതിജീവിക്കുന്ന ക്രിസ്തീയ സാക്ഷ്യത്തിന്റെ പൊരുളുകൾ നിവരുന്നത്. സഭയുടെ ഉണർവിന് മുഖാന്തിരമായി നമുക്കൊരുമിച്ചു മുന്നേറാം. 128-ാമത് മാരാമൺ കൺവെൻഷൻ നമ്മുടെ എല്ലാവരുടെയും പുതുക്കത്തിനും പുനഃസമർപ്പണത്തിനുമുള്ള വേദിയായിത്തീരണം. ദൈവം അതിനു നമ്മെ സഹായിക്കട്ടെ.

വചന ഘോഷണത്തിന്റെ നാളുകളോടനുബന്ധിച്ചു വലിയ നോമ്പാരംഭിക്കുന്നു എന്നത് ഏറെ സംഗതമാണ്. ഫെബ്രുവരി മാസം 19 മുതലാണല്ലോ വലിയ നോമ്പ് ആരംഭിക്കുന്നത്. നിരന്തര പ്രാർത്ഥനയുടെയും ജീവിത ക്രമീകരണത്തിന്റെയും നാളുകളായി ഈ ദിവസങ്ങളെ രൂപാന്തരപ്പെടുത്തണം. തിരക്കു പിടിച്ച ജീവിത ക്രമങ്ങളുടെ മദ്ധ്യേ കൈമോശം വന്നുഭവിക്കാവുന്ന ദൈവ ബോധത്തിലേക്കും അതു വഴി മനുഷ്യനന്മയിലേക്കും തിരിയുവാൻ നോമ്പിന്റെ ദിനങ്ങൾ സഹായകരമായിത്തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പുരാതന തീർത്ഥാടന നഗരമായ ജോഷിമഠ് പട്ടണത്തിലെ ഏകദേശം 2,500 കെട്ടിടങ്ങളിൽ നാലിലൊന്ന് അടിത്തറകൾ ചരിഞ്ഞ് താണുകൊണ്ടിരിക്കുന്നു, അവിടെ ജീവിക്കുന്നവർ ജനുവരിയിലെ തണുത്ത കാലാവസ്ഥയിൽ തങ്ങളുടെ വീടുകൾ ഉപേക്ഷിച്ച് പലായനം ചെയ്യാൻ നിർബന്ധിതരായി എന്ന അത്യന്തം ഉത്കണ്ഠാജനകമായ വാർത്ത മയക്കത്തിൽ നിന്ന് നമ്മെ ഉണർത്തേണ്ടതാണ്. പർവ്വതത്തിന്റെ ചരിവിലുള്ള ജോഷിമഠ് ക്രമേണ മുങ്ങുകയും വീടുകളിലെ വിള്ളലുകൾ അപകടകരമാംവിധം വലുതാകുകയും ചെയ്യുന്നു. ജോഷിമഠിനു പുറമെ കർണപ്രയാഗിലും ഉത്തരാഖണ്ഡിലെ മറ്റ് നിരവധി പ്രദേശങ്ങളിലും ഭൂമി ഇടിഞ്ഞു താഴലും കെട്ടിടങ്ങൾക്ക് വിള്ളലും സംഭവിക്കുന്നതായിട്ടാണ് റിപ്പോർട്ട്. ആളുകൾ സുരക്ഷിത സ്ഥാനത്തേക്ക് മാറുമ്പോഴും വളർത്തുമൃഗങ്ങളും കന്നുകാലികളും ശ്രദ്ധിക്കപ്പെടാതെ തുടരുന്നു. പല ചെറുകിട ബിസിനസ്സുകളും അടച്ചുപൂട്ടി, അല്ലെങ്കിൽ അടച്ചുപൂട്ടപ്പെടുന്നു. ഭാവി ഇരുളടഞ്ഞതും അനിശ്ചിതത്വത്തിലുമാണ്. ഇത് ഒരു ദേശീയദുരന്തമാണ്.

ഈ മേഖലയിലെ പുതിയ ചില ജല വൈദ്യുത പദ്ധതികൾക്കായുള്ള നിർമാണ പ്രവർത്തനങ്ങളും ലോല മണൽഘടനയും ദുർബലമായ മലനിരകൾക്ക് ഭീഷണിയാകുന്നുണ്ട്. ഋഷികേശിൽ നിന്ന് കർണപ്രയാഗിലേക്കുള്ള റെയിൽ ലൈൻ പദ്ധതിയാണ് വീടുകൾക്കും കെട്ടിടങ്ങൾക്കും മറ്റൊരു വലിയ ഭീഷണി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട്സെൻസിങ് സാറ്റലൈറ്റ് ഡാറ്റകൾ വിശകലനം ചെയ്തു നടത്തിയ പഠനത്തിൽ, ജോഷിമഠിൽ ഓരോ വർഷവും ഭൂമി രണ്ടര ഇഞ്ച് വീതം താഴുന്നതായാണ് റിപ്പോർട്ട്. ജോഷിമഠ് ഒരു പ്രതീകമത്രെ. ഭൂമിയുടെ സന്തുലിതാവസ്ഥയിൽ ഒട്ടും താല്പര്യമില്ലാത്ത മനുഷ്യജീവികളോട് ഭൂമി അതിന്റെ ഭാഷയിൽ സംസാരിക്കുകയാണ്. ഇനി ഇങ്ങനെ എത്രനാൾ എന്ന ചോദ്യം മാത്രം ബാക്കി. നമ്മുടെ ജീവനം സാധ്യമാക്കുന്ന ഭൂമിയെ ഇനിയും കരുതിയില്ലെങ്കിൽ വിള്ളലുകളുടെ താഴ്ചകളിലേക്കു എടുത്തെറിയപ്പെടുന്ന ദുരന്തം സ്വീകരിക്കേണ്ടതായി വരും. കാലാവസ്ഥാ ദുരന്തത്തിന്റെ അപായസൂചനകളെ അവഗണിച്ച് ഇനിയും മുമ്പോട്ട് പോകുവാനാവില്ല എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് കഴിഞ്ഞ വർഷം കൂടിയ WCC യുടെ പതിനൊന്നാം അസംബ്ലി ഇപ്രകാരം പ്രഖ്യാപിച്ചു: “Human beings, created in God's own image, are called to serve as faithful and responsible caretakers of God's precious unique creation, of which we are at the same time an inherent part and inextricably dependent on the health of the whole natural world. A narrow anthropocentric understanding of our relationship with creation must be revised to a whole of life understanding, to achieve a sustainable global ecosystem. We are all interdependent in God's whole creation.”

ഉത്തർപ്രദേശിലെ ഫത്തേഗഞ്ചിലും ഛത്തിസ്ഗഡിലെ നാരായണ പുരയിലും മറ്റു ആദിവാസി മേഖലകളിലും അനേക ക്രൈസ്തവരെ ആക്രമിച്ചതായും മതം മാറ്റത്തിനു കേസെടുത്തു ഉപദ്രവിക്കുന്നതായും ഏറെ പരാതികൾ നിലനിൽക്കുന്നു. മതേതര ഇന്ത്യയ്ക്ക് കളങ്കമാകുന്ന ഇത്തരം ഹീന പ്രവൃത്തികൾ ഏറെയും ദുർബലരായ ക്രിസ്തീയ സമൂഹത്തോടാണ് എന്നത് ഏറെ അപലപനീയം. ജനസംഖ്യയിൽ ഏറെ പിന്നിലായ തുലോം ന്യൂനപക്ഷമായ എന്നാൽ സമാധാനം ആഗ്രഹിക്കുന്ന ക്രൈസ്തവ സമൂഹത്തെ ഉപദ്രവിക്കുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല. ഡിസംബറിലെ ശക്തമായ തണുപ്പിൽ ഏകദേശം 200 കുടുംബങ്ങളാണ് സ്വന്തം ഭവനങ്ങൾ വിട്ടു പലായനം ചെയ്യപ്പെട്ടത് എന്ന് പറയപ്പെടുന്നു. ഇത് ശരിയെങ്കിൽ

നിലനിൽക്കുന്ന ജനാധിപത്യ വ്യവസ്ഥകളെ തകിടം മറിക്കുന്ന തീവ്ര ജാതി മത ബോധത്തിന്റെ വിഘടിപ്പിക്കുന്ന രാഷ്ട്രീയത്തിന് ഇവിടുത്തെ ഭരണ സംവിധാനങ്ങൾ നോക്കുകുത്തികളാകുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവ സമൂഹം ഉത്തര ഇന്ത്യയിലെ ഒരു വോട്ട് ബാങ്ക് അല്ല എങ്കിലും അവർ മനുഷ്യരാണ് എന്ന ഒരു പരിഗണനയെങ്കിലും നല്കണം. പീഢനത്തിന് വിധേയരാകുന്ന എല്ലാ സമൂഹങ്ങളെയും ഓർത്തു പ്രാർത്ഥിക്കണം.

ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണവും വിതരണവും സംബന്ധിച്ച പരാതികൾ കേരളത്തിൽ നിരന്തരം ഉയരുന്നത് ഒട്ടും ആശാസ്യമല്ല. കേരളം പോലെ സാക്ഷരത ഏറെയുള്ള ഒരു സംസ്ഥാനം ഏറ്റം നല്ല ഭക്ഷണമല്ലേ നൽകേണ്ടത്? കേരളത്തിന്റെ തനതു രുചി ആസ്വദിക്കുവനായി കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾ ഉണ്ട് എന്ന് നാം ഓർക്കണം. അന്തർദേശീയ നിലവാരം നിലനിർത്തണമെന്ന ബോധ്യം ആ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കുണ്ടാകണം. ഭക്ഷണത്തിന്റെ പാചകത്തിലും വിതരണത്തിലും ശ്രദ്ധിക്കേണ്ട കാര്യങ്ങളെകുറിച്ചുള്ള ക്ലാസുകൾ സംഘടിപ്പിച്ചും ശ്രദ്ധാപൂർവമുള്ള ലൈസൻസ് വിതരണത്തിലൂടെയും ഈ മേഖലയെ വീണ്ടെടുക്കുവാൻ അധികാരികളുടെ ഭാഗത്തുനിന്നും സത്വരശ്രദ്ധയുണ്ടാകണം.

ന്യൂസിലൻഡ് പ്രധാനമന്ത്രി ജസീന്ത ആർഡേൻ രാജിവെക്കുമെന്നത് ഒരു അപ്രതീക്ഷിത പ്രഖ്യാപനമായിരുന്നു. 2017-ൽ, 37-ആം വയസ്സിൽ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ലോകത്തിലെ ഏറ്റവും പ്രായംകുറഞ്ഞ 'ഭരണകർത്താവായിരുന്നു ആർഡേൻ. പുരോഗമന രാഷ്ട്രീയ പ്രതിച്ഛായയുള്ള അവർ കോവിഡ് -19 മഹാമാരിയിലൂടെയും, ക്രൈസ്റ്റ്ചർച്ചിലെ രണ്ട് പള്ളികളിൽ നടന്ന ഭീകരാക്രമണവും അഗ്നിപർവ്വത സ്ഫോടനവും ഉൾപ്പെടെ നിരവധി ദുരന്തങ്ങളിലൂടെയും ആ രാജ്യത്തെ നയപരമായി നയിച്ചു. യുദ്ധാനന്തര ന്യൂസിലൻഡിലെ ഏറ്റവും ശ്രേഷ്ഠയായ പ്രധാനമന്ത്രി എന്ന് വിശേഷിക്കപ്പെടുന്ന ആർഡേണിനെ ദൈവം തുടർന്നും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ആ ദേശത്തിനും ജനതയ്ക്കും നല്ലഭാവി ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

നമ്മുടെ സഭയിൽ 16 പേർ കശ്ശീശാ പട്ടം സ്വീകരിച്ച് ഫെബ്രുവരി 1 മുതൽ വിവിധ ഇടങ്ങളിലേക്ക് നിയോഗിതരാകുന്നു. ഫെബ്രുവരി മാസത്തിൽ 4 പേർ കൂടി നിയോഗ ശുശ്രൂഷയിലൂടെ കശ്ശീശാ സ്ഥാനത്തേക്ക് പ്രവേശിക്കുന്നു. ഈ പ്രീയപ്പെട്ടവരെ ദൈവകരങ്ങളിലർപ്പിക്കാം. വിളിയും നിയോഗവും തിരിച്ചറിഞ്ഞ് സമർപ്പിത ശുശ്രൂഷ അനുഗ്രഹീതമായി നിർവ്വഹിക്കുവാൻ പട്ടത്വസ്ഥാനീയരെ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മെത്രാപ്പോലീത്തായുടെ 70-ാം നമ്പർ സർക്കുലർ കല്പന പ്രകാരം നിലവിലുള്ള സഭാ പ്രതിനിധി മണ്ഡലത്തിന്റെ കാലാവധി 2023 മാർച്ച് 31 ന് അവസാനിക്കുകയാണല്ലോ. ഭരണഘടന അനുശാസിക്കുന്ന വിധം മണ്ഡലാംഗങ്ങളുടെയും, ഭദ്രാസന അസംബ്ലി അംഗങ്ങളുടെയും തിരഞ്ഞെടുപ്പുകൾ ശാന്തമായും സമാധാനപരമായും നീതിപൂർവ്വമായും നടത്തുവാൻ ഏവരും ശ്രദ്ധിക്കണം. ഒരു സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലേക്ക് നാം അടുക്കുന്നു. സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും താമസംവിനാ ഇടവകസംഘം കൂടുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും വേണം.

ഇടവകതലങ്ങളിൽ സംഘടനകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് വളർന്ന് വരുന്ന തലമുറകളുടെ ആദ്ധ്യാത്മിക രൂപീകരണത്തിൽ പ്രത്യേക ശ്രദ്ധയും കരുതലും നല്കണം. കുഞ്ഞുങ്ങൾ സണ്ടേസ്ക്കൂളിൽ പഠിക്കുക മാത്രമല്ല, പള്ളി ആരാധനയിലും ക്രമമായി സംബന്ധിക്കണം. അതിന് ആവശ്യമായ ശ്രദ്ധയും പരിപോഷണവും മാതാപിതാക്കളും സണ്ടേസ്ക്കൂൾ അദ്ധ്യാപകരും നല്കണം. കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും ഇടവകതലത്തിൽ സജീവമാകുവാൻ അവസരങ്ങൾ ഒരുക്കണം. പള്ളിയാരാധനയ്ക്കായി ജനങ്ങൾ വരുമ്പോൾ അവരെ സ്വീകരിക്കുകയും ഇരിപ്പിട സൗകര്യമുള്ള സ്ഥാനത്തേക്ക് നയിക്കുകയും ചെയ്യാവുന്നതാണ്. കുർബ്ബാനയ്ക്കായി ആളുകൾ മുന്നോട്ട് വരുമ്പോൾ, വിശേഷാൽ പ്രായമായവർക്ക്, വേണ്ട സഹായം നല്കണം. വയോജനങ്ങളെ ക്രമമായി വീടുകളിൽ സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് സഹായിക്കുകയും ചെയ്യുന്ന ഒരു ടീമിനെ തന്നെ ഇടവക തലത്തിൽ സജ്ജമാക്കാവുന്നതാണ്. അത്തരത്തിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് ഓരോ പ്രായത്തിലുള്ളവരെയും സജ്ജരാക്കുമ്പോഴാണ് ഇടവക സജീവമാകുന്നത്. അതിന് പട്ടക്കാരും ആത്മായ നേതാക്കളും വേണ്ട ക്രമീകരണങ്ങൾ ചെയ്യണം.

വർക്കല ശിവിഗിരിമഠം ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 2022 ഡിസംബർ 31 ന് ക്രമീകരിച്ച 90-ാം ശിവഗിരി തീർത്ഥാടന മഹാമഹത്തിലെ സംഘടനാ സമ്മേളത്തിൽ പങ്കെടുക്കുന്നതിനും 'മതാതിഷ്ഠിത ഭരണകൂടവും ലോകസമാധാനവും ഗുരുദർശനത്തിന്റെ പശ്ചാത്തലത്തിൽ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുന്നതിനും സാധിച്ചു. കൊച്ചി മുൻസിപ്പൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നവോത്ഥാന നായകരുടെ ദർശനങ്ങളെ വിശദമാക്കുന്ന പ്രസംഗ പരമ്പരയുടെ പ്രഥമ സമ്മേളനത്തിൽ 2023 ജനുവരി 13 ന് ശ്രീനാരായണ ഗുരുദർശനങ്ങളെ സംബന്ധിച്ച് പ്രഭാഷണം നടത്തി. ധർമ്മത്തിന്റെ വഴികളിൽ അധർമ്മത്തിന്റെ മാരകവിഷമുള്ളുകൾ വാരിവിതറുന്ന സമകാലിക പ്രവണതകൾക്ക് മാറ്റം വരണമെങ്കിൽ സമൂഹത്തിൽ ഒരു ശുദ്ധീകരണവും നവീകരണവും നവോത്ഥാനവും അനിവാര്യമാണ്. സമൂഹത്തെ ഭിന്നിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന എല്ലാ ദുഷ്പ്രവണത

കൾക്കുമെതിരെ സംഘടിച്ചു നിന്നു പോരാടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നീതിക്കുവേണ്ടി സംഘടിച്ചു ശക്തരാകുവാനും സ്നേഹത്തിന്റെ ചരടിൽ എല്ലാവരെയും ഒരുമിപ്പിച്ച് ചേർക്കുവാനും ഇത്തരം സമ്മേളനങ്ങൾ പ്രചോദനമാകണം.

കൽദയ സുറിയാനി സഭയുടെ മെത്രാപ്പോലീത്തയായി ചുമതലയേറ്റ മാർ ഔഗേൻ കുര്യാക്കോസ് തിരുമേനിയെ അനുമോദിക്കുന്നതിനായി തൃശൂരിൽ സംഘടിപ്പിക്കപ്പെട്ട സമ്മേളനത്തിൽ സംബന്ധിക്കുകയും മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു. മാർത്തോമ്മാ സഭയുമായി കൽദയ സഭയിലെ തിരുമേനിമാർക്ക് അടുത്ത സൗഹൃദബന്ധമാണുള്ളത്. സുദീർഘമായ കാലഘട്ടം കൽദയ സഭയ്ക്ക് ധന്യമായി നേതൃത്വം നൽകിയ ഡോ. മാർ അപ്രേം മെത്രാപ്പോലീത്തായുടെ ധന്യമായ ശുശ്രൂഷകളെയും മാർത്തോമ്മാ സഭയുമായുള്ള ബന്ധത്തെയും ഈയവസരത്തിൽ സ്മരിക്കുന്നു. കൽദയ സുറിയാനി സഭയെ ശ്രേഷ്ഠമായി നയിക്കുന്നതിന് ദൈവം ധാരാളമായ കൃപകളാൽ മാർ ഔഗേൻ കുര്യാക്കോസ് മെത്രാപ്പോലീത്തായെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. സഭയുടെ പേരിലുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു.

അടുത്ത സമയം അന്തരിച്ച, മാർത്തോമ്മാ സഭാംഗമായ ഡോ. കെ. സി. സക്കറിയ ലോക ബാങ്കിൽ പ്രവർത്തിച്ച കാലത്ത് ആഗോളതലത്തിൽ ജനസംഖ്യ സംബന്ധിച്ച ആഴമായ പഠനങ്ങൾ നടത്തിയിരുന്നു. തുടർന്ന് അദ്ദേഹം തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിയതിനു ശേഷം കേരളത്തിലെ ജനസംഖ്യ, വിശേഷാൽ മദ്ധ്യകേരളത്തിലെ വിവിധ വിഭാഗങ്ങളുടെ ജനനനിരക്ക്, കുടിയേറ്റം സംബന്ധിച്ചു ആഴത്തിൽ പഠിച്ചു. വർഷം തോറും പ്രസിദ്ധീകരിച്ചിരുന്ന കേരളാ മൈഗ്രേഷൻ സർവ്വേകൾക്കും സക്കറിയ സാർ നേതൃത്വം നൽകി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

ഫെബ്രുവരി മാസത്തിൽ, യേശുവിന്റെ ആളത്വം വിശ്വസിക്കുന്നവരിൽ വരുത്തുന്ന രൂപാന്തരത്തെക്കുറിച്ചും ഗുണപരമായ സ്വാധീനങ്ങളെക്കുറിച്ചും സഭ ധ്യാനിക്കുന്നു. ഫെബ്രുവരി അഞ്ചാം തീയതി മെഡിക്കൽ മിഷൻ ഞായർ ആണ്. 'യേശുക്രിസ്തുവിലൂടെയുള്ള സൗഖ്യം' എന്നതാണ് ധ്യാനവിഷയം. യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ കാലത്ത് അനേക രോഗികളെ സൗഖ്യമാക്കുകയും തന്റെ ശിഷ്യരെ സൗഖ്യദായകരാകുന്നതിനു നിയോഗിക്കുകയും ചെയ്തു. പ്രവാചകവചനത്തിൽ (യെശ.53:1-12) സൂചിപ്പിച്ച സൗഖ്യ ദായകൻ ക്രിസ്തുവാണ് എന്നു സഭ വിശ്വസിക്കുന്നു. കർത്താവിന്റെ ശുശ്രൂഷ തുടരുന്ന സഭ, സൗഖ്യദായക മേഖലയിൽ കാലാനുസൃതമായി ഇടപെടൽ നടത്തേണ്ടതുണ്ട്.

ഫെബ്രുവരി 12 ഞായറാഴ്ച മാരാമൺ കൺവെൻഷൻ ആരംഭിക്കുകയാണല്ലോ. 'സൃഷ്ടിയുടെ പൂർണതയിലേക്ക് നയിക്കുന്ന ശബത്' എന്നതാണ് ധ്യാന വിഷയം. പ്രകൃതിയുടെ മടിത്തട്ടിൽ ഇരുന്ന് ദൈവവചനം ധ്യാനിക്കാൻ നമുക്ക് വീണ്ടും അവസരം ലഭിക്കുന്നു. വരും തലമുറയ്ക്ക് ജീവിക്കുവാൻ പ്രകൃതിയെ സജ്ജമാക്കി കാക്കാൻ ഈ തലമുറയിലുള്ള നാം പ്രതിജ്ഞാബദ്ധർ ആകണം. നാം ആചരിക്കുന്ന 'ശബത്തുകൾ' ദൈവത്തോട് ചേർന്നു പ്രവർത്തിക്കുന്നതിനു സമർപ്പണം പുതുക്കുന്ന ദിനങ്ങൾ ആയിതീരണം. സമഗ്രമായ പുനഃസമർപ്പണത്തിന് നമ്മെ സഹായിക്കുന്ന ദിനങ്ങളായി വചന കേൾവിയുടെ ദിനങ്ങൾ തീരണം.

ഫെബ്രുവരി 19 ഞായർ, വലിയ നോമ്പ് ആരംഭമാണല്ലോ. 'രൂപാന്തരത്തിനുള്ള ക്ഷണം' എന്നതാണ് ധ്യാന വിഷയം. കാനാവിലെ കല്യാണത്തിന് പച്ചവെള്ളത്തെ വീഞ്ഞാക്കി രൂപാന്തരപ്പെടുത്തിയ കർത്താവ് സർവ്വസൃഷ്ടികളെയും രൂപാന്തരപ്പെടുത്തുവാൻ കഴിയുന്നവൻ ആണ്. രൂപാന്തരത്തിന്റെ ചാലകങ്ങൾ ആകാൻ ദൈവ സ്വരൂപം പേറുന്ന മനുഷ്യർക്ക് കഴിയേണ്ടതുണ്ട്. ബുദ്ധിയുള്ള ആരാധനയായി, മനസ്സ് പുതുക്കിയവരായി, ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗവുമായി അർപ്പിക്കുന്നതിനു ഈ നോമ്പുകാലം നമുക്ക് ഇടയാകണം. ദൈവത്തിനു ഹിതകരമായ നോമ്പു നോക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ഫെബ്രുവരി 26 ഞായർ, 'ശുദ്ധീകരിക്കുന്ന യേശു' എന്ന ചിന്താവിഷയം നാം ധ്യാനിക്കുകയാണ്. അകൃത്യങ്ങൾ നീക്കി ശുദ്ധീകരിക്കുന്ന ദൈവിക പ്രക്രിയയെക്കുറിച്ചുള്ള ദൈവീക വാഗ്ദാനം (യിരെമ്യാ.33:8) യേശുവിലാണ് നിറവേറപ്പെട്ടത്. ശാരീരിക രോഗങ്ങളാലോ, ആചാരപരമായ അയിത്തങ്ങളാലോ മാറ്റി നിർത്തപ്പെടുന്നവരെ തൊട്ടു സൗഖ്യമാക്കി മുഖ്യധാരയോട് ചേർക്കുവാൻ കർത്താവ് മനസ്സ് കാണിച്ചു. കർത്താവിന്റെ സഭയും അപ്രകാരം ശുദ്ധീകരണത്തിന്റെ മാധ്യമം ആയിത്തീരേണ്ടതുണ്ട്. നോമ്പു കാലങ്ങൾ നമുക്ക് അപ്രകാരമുള്ള സമർപ്പണ നാളുകൾ ആയിത്തീരട്ടെ. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടുംകൂടെയിരിക്കട്ടെ.

പൂലാത്തീൻ
31. 01. 2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**